"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരഫെഡുമായി ബന്ധപ്പെട്ട ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സഹകരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.45/2025/AGRI തീയതി,തിരുവനന്തപുരം, 24-01-2025

പരാമർശം:-
1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 09/07/2021-ലെ ടി.എം. (2) 36185/2018 നമ്പർ കത്ത്.
2. സ.ഉ(അച്ചടി) നം.136/2022/ധന തീയതി. 04/11/2022
3. സ.ഉ (അച്ചടി) നം.52/2024/ധന തീയതി. 05.07.2024

**ഉത്തരവ്**

കേരഫെഡുമായി ബന്ധപ്പെട്ട ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സഹകരണ വകുപ്പിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കേസുകൾ തീർപ്പാകുന്നതുവരെ നിയമിക്കണമെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2) പരാമർശം (1) അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സഹകരണ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കാനോ സഹകരണ വകുപ്പിലെ കേഡർ സ്ട്രെങ്തിനോ റേഷ്യോ പ്രൊമോഷനുകൾക്കോ കണക്കാക്കരുതെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സഹകരണ വകുപ്പിലെ ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ സേവനം, പ്രസ്തുത തസ്തികയുടെ വേതനം കെ.എസ്.ആർ ഭാഗം I ചട്ടം 156 പ്രകാരം സേവനം ഉപയോഗപ്പെടുത്തുന്ന സ്ഥാപനം ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണെന്ന വ്യവസ്ഥയിലും, പരാമർശം (2), (3) ഉത്തരവുകൾ പ്രകാരവും, കേരഫെഡുമായി ബന്ധപ്പെട്ട ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സഹകരണ വകുപ്പിലെ ഒരു അസിസ്റ്റന്റ് ഡയറക്ടറെ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2. മാനേജിംഗ് ഡയറക്ടർ, കേരഫെഡ്
3. ഡയറക്ടർ, സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ, വഴുതയ്ക്കാട്, തിരുവനന്തപുരം
4. ധനകാര്യ (അഗ്രി എ) വകുപ്പ് (2958836/Agri-A2/182/2024-FIN dtd. 30.12.2024
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ & ഇ) , തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 25-01-2025 13:45:24

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്